ദുറഹ്മാൻ അൽ ബർറാക്, ഫാഇസ് അൽ ജാദിഅ് എന്നിവർ വ്യക്തമാക്കി.

*അൽ ബർറാക്*

ബർറാകിനെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് പ്രമുഖ നേതാക്കളുടെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ടുദിവസവും പ്രതിപക്ഷ പ്രവർത്തകർ കോടതി ആസ്ഥാനമായ പാലസ് ഓഫ് ജസ്റ്റിസിന് സമീപം തമ്പടിച്ചിരുന്നു. മുൻ സ്പീക്കർ

ന

ല

തി

യ ബർറാകിനെ അറസ്റ്റ് ചെയ്തതോടെ പ്രതിഷേധം കനപ്പിക്കാനുള്ള ഒരുക്കത്തിലാണ് പ്രതിപക്ഷ കൂട്ടായ്മ. ഞായറാഴ്ച പ്രഖ്യാപിച്ചിരിക്കുന്ന റാലി ഭരണകൂടത്തിനെതിരെ ആഞ്ഞടിക്കാനുള്ള വേദിയാക്കുന്നതിന് പരമാവധി ആളുകളെ പങ്കെടുപ്പിക്കാനുള്ള ശ്രമത്തിലാണ് ഭരണഘടനാ സംരക്ഷണ ദേശീയ മുന്നണിയുടെ ബാനറിൽ അണിനിരക്കുന്ന പ്രതിപക്ഷം.

## ുടുങ്ങി
## ളിൽ

എന്നായിരുന്നു കമ്പനിയു
രെ നാട്ടിലേക്ക് തിരിച്ചയ
ണ് ലക്ഷ്യമെന്നതിനാൽ
ക്കാർ അതിന് തയാറായ

റിക പ്രവർത്തകരുടെ നി
ന തുടർന്ന് ടിക്കറ്റിനുള്ള
ാർട്ടും നൽകാൻ കമ്പനി
ായതോടെയാണ് 15 പേർ
ക്കാനുള്ള വഴിതെളിഞ്ഞ
ലയാളികളും ഉടൻ നാട്ടി

# ഒരുമ കുവൈത്ത് സഹായധനം കൈമാറി

കുവൈത്ത് സിറ്റി: ഒരുമ കുവൈത്തിൽ അംഗമായിരിക്കെ മരണപ്പെട്ട തെങ്കര മണ്ണാർക്കാട് സ്വദേശി വന്ദനം ഹൗസിൽ കെ. വിജയരാഘവൻെറ കുടുംബത്തിന് ഒരുമയുടെ സഹായധനം കൈമാറി. കെ.എൻ.പി.സിയിൽ അഡ്മിനിസ്ട്രറായി ജോലി ചെയ്തുവരികയായിരുന്ന വിജയരാഘവൻ നാട്ടിൽ വെച്ചാണ് മരണപ്പെട്ടത്. കെ.ഐ.ജി പ്രസിഡൻറ് സക്കീർ ഹുസൈൻ തുവ്വൂർ അദ്ദേഹത്തിൻെറ വീട് സന്ദർശിച്ച് രണ്ട് ലക്ഷം രൂപ കുടുംബത്തിന് കൈമാറുകയായിരുന്നു.

കെ.ഐ.ജി യുടെ കീഴിൽ കുവൈത്തിലെ മലയാളികൾക്കായി ആരംഭിച്ച സാമൂഹ്യക്ഷേമ പദ്ധതിയായ ഒരുമയിൽ ജാതി, മത, സംഘടനാ വ്യത്യാസങ്ങൾക്കതീതമായി ഇരുപത്തൊന്ന് വയസ്സ് പൂർത്തിയായ കുവൈത്തിൽ സ്ഥിരതാമസക്കാരനായ ഏതൊരു മലയാളിക്കും അംഗമായി ചേരാവുന്നതാണ്. അര ദീനാർ രജിസ്ട്രേഷൻ ഫീസും ഒരു ദീനാർ വാർഷിക വരിസംഖ്യയും കൊടുത്തു അംഗമാകുന്നവർ മരണപ്പെട്ടാൽ രണ്ട് ലക്ഷം രൂപ അവർ നിർദേശിക്കുന്ന വ്യക്തിക്ക് സഹായധനമായി നൽകും. കൂടുതൽ വിവരങ്ങൾക്ക് 99893650 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യണം.

# വോയ്സ് കുവൈത്ത് സിറ്റി

1/11/12